**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്-ന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.06.2024 തീയതിയിലെ OA-1825/2023 മേലുള്ള അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ സ്ഥലം മാറ്റം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. G.O (Rt) No. 2637/2023/H&FWD dated 11.10.2023
2. ഉത്തരവ് നം. ഇ.എ1-5160/2023/ ആ.വ.ഡ തീയതി : 13-10-2023
3. Interim Orders in OA-1825/2023 dated 21.12.2023, 18.01.2024, 23.05.2024, 21.06.2024
4. ഉത്തരവ് നം. ഇഎ1- 20254/2023/ആ.വ.ഡ, തീയതി : 29-05-2024
5. Order dated 27.06.2024 of Hon'ble Kerala Administrative Tribunal in OA No. 1825/2023

**ഉത്തരവ് നം. ഇ.എ1-20254/2023/ആ.വ.ഡ തീയതി : 29-06-2024**

പരാമർശം (1) പ്രകാരമുള്ള അനുപാലന ഉത്തരവിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ബിന്ദു.വി.എസ്-നെ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിന് സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുകയും ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഡോ. ബിന്ദു.വി.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1825/2023 - ന്റെ പരാമർശം (3) പ്രകാരമുള്ള ഇടക്കാല ഉത്തരവുകൾ പ്രകാരം പ്രസ്തുത സ്ഥലം മാറ്റം stay ചെയ്തിരുന്നു. ആയതിനാൽ വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നും പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ. നീതു.എസ്.പി യ്ക്ക് വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നും വിടുതൽ ആയെങ്കിലും പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.

മേൽ സാഹചര്യത്തിൽ ഡോ. നീതു.എസ്.പി-യെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് താൽക്കാലികമായി നിയോഗിച്ചു തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഡോ. നീതു.എസ്.പിയ്ക്ക് ശമ്പളം നൽകാൻ കഴിഞ്ഞിരുന്നില്ല. **3rd respondent** ആയ ഡോ. നീതു.എസ്.പിയ്ക്ക് കാലതാമസം കൂടാതെ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദേശിച്ചു കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ **OA- 1825/2023** ന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായി പുനപരിശോധിക്കുമെന്ന വ്യവസ്ഥയിൽ ഡോ. നീതു.എസ്. പിയെ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് നിയമിച്ചു കൊണ്ടും **OA- 1825/2023** ന്മേലുള്ള അന്തിമ ഉത്തരവ് വരുന്നത് വരെയുള്ള കാലയളവിലേയ്ക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു കൊണ്ടും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (5) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA- 1825/2023** ന്മേലുള്ള അന്തിമ ഉത്തരവിൽ " **We do not find any reason to interfere with the impugned order of transfer**" എന്ന് പരാമർശിച്ചു കൊണ്ട് **OA** തീർപ്പാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡോ. നീതു.എസ്.പിയെ തിരികെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും ഡോ. ബിന്ദു.വി.എസ്-നെ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും സ്ഥലം മാറ്റി നിയമിച്ചു കൊണ്ടും ഡോ. നീതു.എസ്.പിയെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ഉത്തരവ് ഈ ഉത്തരവ് തീയതി മുതൽ റദ്ദ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

Signed by
Nandakumar.k.v
Date: 29-06-2024 12:22:05

ആരോഗ്യവകുപ്പ് ഡയറക്ടർ i/c

സ്വീകർത്താവ്: 1. ഡോ. നീതു.എസ്.പി, ജൂനിയർ കൺസൽട്ടന്റ്, ഓഫ്താൽമോളജി, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല

2. ഡോ. ബിന്ദു.വി.എസ്, ജൂനിയർ കൺസൽട്ടന്റ്, ഓഫ്താൽമോളജി, താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല

പകർപ്പ് : 1.അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

**4.** ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/ പത്തനംതിട്ട

**5.** സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം/ താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല/താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല

**6.** ഫയൽ/കരുതൽ ഫയൽ